പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3370 — 14/03/2018-ൽ മറുപടിക്ക്

**സേഫ് കിറ്റ് പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.ടി.എ. റഹീം**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.പി. ഉണ്ണി**<br>**ശ്രീ.കെ.കുഞ്ഞിരാമൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | ലൈംഗിക അതിക്രമത്തിന് ഇരയാകുന്നവർക്കായി സേഫ് (സെക്ഷ്വൽ അസോൾട്ട് ഫോറൻസിക് എവിഡൻസ് കളക്ഷൻ) കിറ്റ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | ലൈംഗിക അതിക്രമത്തിന് ഇരയായ ഒരു സ്ത്രീ പരിശോധനയ്ക്ക് വന്നാൽ, ആവശ്യമായ മുഴുവൻ പരിശോധനകൾ നടത്താനും, തെളിവിനു ആവശ്യമായ മുഴുവൻ സാമ്പിളുകളും ശേഖരിക്കാനും ഉള്ള എല്ലാ ഉപകരണങ്ങളും ഒറ്റകിറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതാണ്, SAFE KIT (സെക്ഷ്വൽ അസോൾട്ട് ഫോറൻസിക് എവിഡൻസ് കളക്ഷൻ) പദ്ധതി |
| ബി) | ശാസ്ത്രീയമായ തെളിവുകളുടെ അഭാവത്തിൽ, സ്ത്രീകൾക്കെതിരെ അക്രമം നടത്തുന്ന കുറ്റവാളികൾ രക്ഷപ്പെടാനുള്ള പഴുതുകൾ അടയ്ക്കുന്നതിന് പ്രസ്തുത പദ്ധതി എപ്രകാരമാണ് സഹായകമാകുന്നതെന്നു വെളിപ്പെടുത്തുമോ ; | ബി) | ലൈംഗികഅതിക്രമത്തിന് ഇരയായ ഒരുസ്ത്രീ പരിശോധനയ്ക്ക് വന്നാൽ ആവശ്യമായ മുഴുവൻ പരിശോധനകൾ നടത്താനും, തെളിവിനു ആവശ്യമായ മുഴുവൻ സാമ്പിളുകളും ശേഖരിക്കാനും ഈ കിറ്റ് ഉപകരിക്കും. |
| സി) | ലൈംഗികാതിക്രമത്തിന് ഇരയാകുന്ന സ്ത്രീകൾക്കാവശ്യമായ എല്ലാ പരിശോധനകളും നടത്തുന്നതിനുള്ള സംവിധാനം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; | സി) | ഉൾപ്പെടുത്തിയിട്ടുണ്ട്. |
| ഡി) | സേഫ് കിറ്റ് രൂപകൽപ്പന ചെയ്തത് ആരാണെന്ന് വ്യക്തമാക്കാമോ? | ഡി) | ആരോഗ്യവകുപ്പും എൻ.എച്ച്.എം ഉം സംയുക്തമായി ഈ മേഖലയിൽ നിന്നുള്ള തെരഞ്ഞെടുത്ത വിദഗ്ധഡോക്ടർമാർ അടങ്ങുന്ന ഒരു കമ്മിറ്റിയാണ് ഇത് രൂപ കല്പന ചെയ്തത് |

സെക്ഷൻ ഓഫീസർ